## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.34* 29.01.2019-ൽ മറുപടിയ്ക്ക്

## കാരുണ്യ പദ്ധതിയുടെ ഫലപ്രദവും സുതാര്യവുമായ നടത്തിപ്പ്

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ<br>,, സജി ചെറിയാൻ<br>,, പി. ഉണ്ണി<br>,, എം. രാജഗോപാലൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ കാരുണ്യ പദ്ധതിയുടെ ഫലപ്രദവും സുതാര്യവുമായ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ കാരുണ്യ പദ്ധതിയുടെ സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.<br>1. കാരുണ്യ പദ്ധതിയുടെ സോഫ്റ്റ് വെയർ നവീകരിക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തി.<br>2. താല്ക്കാലിക അടിസ്ഥാനത്തിലും, ദിവസ വേതനാടിസ്ഥാനത്തിലും, ഭാഗ്യക്കുറി വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കി.<br>3. വൃക്കരോഗികൾക്കുള്ള ചികിത്സാ സഹായം രണ്ട് ലക്ഷം രൂപയിൽ നിന്നും മൂന്ന് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു.<br>4. കാരുണ്യയ്ക്കുള്ള ബഡ്ജറ്റ് വിഹിതം കഴിഞ്ഞ സാമ്പത്തിക വർഷം 261.32 കോടി രൂപയായിരുന്നത് ഈ സാമ്പത്തിക വർഷം 397.5 കോടിരൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>5. സർക്കാർ ആശുപത്രികളിലെ ചികിത്സാ നിരക്കുകൾ ഏകീകരിക്കുന്നതിനും സ്വകാര്യ ആശുപത്രികളിലെ പാക്കേജ് നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനുമായി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ചെയർമാനായി കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.<br>6. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡയാലിസിസ് സെൻറർ സ്ഥാപിക്കുന്നതിന് 1,56,68,760/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം ഒന്നാം ഗഡുവായി 78,34,380/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങൾക്ക് എത്ര തുകയാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ; | (ബി) | ക്യാൻസർ, ഹൃദ്രോഗം, തലച്ചോർ, കരൾ എന്നിവയുടെ ശസ്ത്രക്രിയകൾ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയുടെ ഗുരുതര ക്ഷതങ്ങൾ എന്നിവയ്ക്ക് 2 ലക്ഷം രൂപ വരെയും, വൃക്ക സംബന്ധമായ രോഗങ്ങൾക്ക് 3 ലക്ഷം രൂപാവരെയും, ഹീമോഫീലിയ രോഗ ചികിത്സയ്ക്ക് തുക പരിധിയില്ലാതെ ആജീവനാന്തവും അവയവദാതാവിന് ഒരു ലക്ഷം രൂപയും ചികിത്സാ സഹായമനുവദിക്കുന്നു. |
| (സി) | ഈ സർക്കാർ കാരുണ്യ ചികിത്സാ പദ്ധതിയ്ക്കായി നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ; | (സി) | ഈ സർക്കാർ കാരുണ്യ ചികിത്സാ പദ്ധതിയ്ക്കായി 20.01.2019 വരെ 772,11,55,444/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഗുണഫലം കൂടുതൽ പേർക്ക് ലഭ്യമാകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിയുടെ ഗുണഫലം കൂടുതൽ പേർക്ക് ലഭ്യമാകുന്നതിനായി സംസ്ഥാനത്ത് നിലവിലുള്ള ചിസ് പ്ലസ്, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ അഷ്വറൻസ് മോഡലിലുള്ള പദ്ധതിയും RSBY CHIS എന്നീ ഇൻഷ്വറൻസ് പദ്ധതികളും കൂടി യോജിപ്പിച്ച് "കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി" എന്ന പേരിൽ ഒരു പുതിയ പദ്ധതി 01.04.2019 മുതൽ നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചിയാക്കിനെ അതിന്റെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ